**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7103 11.07.2014 -ലെ മറുപടിയ്ക്ക്

## കേരള യൂണിവേഴ്സിറ്റി നടത്തുന്ന ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ . രാജേഷ് | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | കേരള യൂണിവേഴ്സിറ്റി നടത്തുന്ന എത്ര കെ.യു.സി.ടി.ഇ. കൾക്കാണ് സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളതെന്ന് വിശദമാക്കുമോ; | (എ) | കെ.യു.സി.ടി.ഇ. കാര്യവട്ടത്തിനു മാത്രമാണ് സ്വന്തമായി ഭൂമിയും കെട്ടിടവും ഉള്ളത്. |
| (ബി) | സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സെന്ററുകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കെ.യു.സി.ടി.ഇ. കൊല്ലം, അടൂർ, കുന്നം, അഞ്ചൽ, കുമാരപുരം, കുളക്കട, നെടുമങ്ങാട്, കായംകുളം, ആലപ്പുഴ, എന്നീ സെന്ററുകളുടെ നടത്തിപ്പിനായി വാടക ഇല്ലാതെ 33 വർഷത്തെ പാട്ടത്തിന് ഭൂമിയും കെട്ടിടവും സർക്കാരിൽ നിന്നും സർവ്വകലാശാലയ്ക്ക് അനുവദിച്ചിട്ടുണ്ട്. |
| (സി) | കേരള യൂണിവേഴ്സിറ്റി സെന്റർ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ സെന്ററുകൾക്ക് സ്ഥലവും കെട്ടിടങ്ങളും ലഭ്യമാക്കുന്നതിന് ചെലവഴിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ സെന്ററുകൾ അടിസ്ഥാനമാക്കി ലഭ്യമാക്കുമോ; | (സി) | കെ.യു.സി.ടി.ഇ. സെന്ററുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകളുടെ വിശദവിവരം **അനുബന്ധം** I ആയി ചേർക്കുന്നു. |
| (ഡി) | ഈ സെന്ററുകളിലെ അദ്ധ്യാപക -അദ്ധ്യാപകേതര തസ്തികകളിലെ നിയമനത്തിനു സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ തസ്തിക തിരിച്ച് വിശദമാക്കുമോ; | (ഡി) | പ്രിൻസിപ്പാൾ - പി.എച്ച്.ഡി. -10 വർഷത്തെ പ്രവൃത്തി പരിചയം, അതിൽ അഞ്ചു വർഷത്തെ പ്രവൃത്തി പരിചയം ട്രെയിനിംഗ് കോളേജിൽ ഉണ്ടായി ഉണ്ടായിരിക്കേണ്ടതാണ്. അദ്ധ്യാപകർ - 55 ശതമാനത്തിൽ കുറയാത്ത എം.എഡ്. ബിരുദവും കാലാകാലങ്ങളിൽ യു.ജി.സി. /കേരള |

| | | | |
|---|---|---|---|
| | | | സർക്കാർ / യൂണിവേഴ്സിറ്റി നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ എന്നിവയാണ്. അധ്യാപകേതര ജീവനക്കാരെ ദിവസവേതന അടിസ്ഥാനത്തിലാണ് നിയമിക്കുന്നതെന്ന് എന്ന് സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്. |
| (ഇ) | ഈ തസ്തികകളിൽ ജോലി ചെയ്യുന്ന വ്യക്തികളുടെ യോഗ്യതയടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | ഈ തസ്തികകളിൽ ജോലിചെയ്യുന്ന വ്യക്തികളുടെ യോഗ്യതയടക്കമുള്ള വിശദവിവരങ്ങൾ **അനുബന്ധം II** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**